ജനകീയാസൂത്രണത്തിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനു നടപടി

15 (*645) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ജോർജ്. എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണത്തിന്റെ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനും അതിന് തദ്ദേശസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുമായി ഈ സർക്കാർ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ;

(ബി) ജനകീയാസൂത്രണംമൂലം പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന വിഹിതത്തിൽ എന്തുമാത്രം വർദ്ധനവ് അനുവദിച്ചിട്ടുണ്ട് ; പദ്ധതി വിഹിതം ചെലവഴിക്കുന്നതിൽ പുരോഗതി ഉണ്ടായിട്ടുണ്ടോ ;

(ഡി) തനത് വരുമാനം കുറവുള്ള തദ്ദേശസ്ഥാപനങ്ങൾക്ക് പ്രത്യേക സഹായം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) (1) ഒൻപത്, പത്ത് പഞ്ചവത്സര പദ്ധതികളുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നിലവിലെ പദ്ധതി ആസൂത്രണം, സബ്സിഡി മാനദണ്ഡങ്ങൾ എന്നിവയെ സംബന്ധിക്കുന്ന മാർഗ്ഗരേഖകൾ സമഗ്രമായി പരിഷ്ക്കരിച്ചു.

(2) ഭക്ഷ്യോത്പാദന വർദ്ധനവിന് കർമ്മ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു.

(3) ഇ. എം. എസ്. സമ്പൂർണ്ണ ഭവന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു.

(4) ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും കാര്യപ്രാപ്തി വികസനത്തിന് പരിശീലനം നൽകി.

(5) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് മാത്രമായി പുതിയ എഞ്ചിനീയറിംഗ് കേഡർ രൂപീകരിച്ചു.

(6) എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും അക്കൗണ്ടന്റുമാരെ ലഭ്യമാക്കി.

(7) ഗ്രാമപഞ്ചായത്തുകളിൽ നിന്നും പൊതുജനങ്ങൾക്ക് നൽകേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പാക്കി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. ഉൽപ്പാദനമേഖലയിലും അടിസ്ഥാന സൗകര്യവികസനത്തിലും ഉണ്ടായ പുരോഗതി പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തിയിട്ടുണ്ട്.

(സി) വിഹിതത്തിൽ ഓരോ വർഷവും 10 ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്. പദ്ധതി വിഹിതത്തിന്റെ കഴിഞ്ഞ 4 വർഷത്തെ ചെലവുകണക്കുകൾ ചുവടെ ചേർക്കുന്നു.

വർഷം	ചെലവ്
	(കോടി രൂപ)
2006-07	1214.74
2007-08	1377.85
2008-09	1477.04
2009-10	1748.62

(ഡി) ഗ്രാമപഞ്ചായത്തുകൾക്ക് വികസന ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ തനത് വരുമാനത്തിലെ കുറവിന് 10 ശതമാനം വെയിറ്റേജ് നൽകിയിട്ടുണ്ട്.

തീരമൈത്രി പദ്ധതി

16 (*646) ശ്രീ. എ. എം. ആരിഫ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരിതബാധിതർക്കായി ആവിഷ്ക്കരിച്ച തീരമൈത്രി പദ്ധതിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(സി) സ്ത്രീകളുടെ ആക്റ്റിവിറ്റി ഗ്രൂപ്പുകൾ വഴി ഏതെല്ലാം സംരംഭങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട് ;

(ഡി) മത്സ്യത്തൊഴിലാളി സ്ത്രീകളുടെ വരുമാന വർദ്ധനവ് ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;

(ഇ) മത്സ്യവിഭവങ്ങൾക്ക് പ്രാധാന്യം നൽകുന്ന സീഫുഡ് കിച്ചണുകൾ മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനാവശ്യമായ സഹായം നൽകുമോ ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സുനാമി ദുരിതബാധിതർക്കായി ആവിഷ്ക്കരിച്ച തീരമൈത്രി പദ്ധതിയുടെ പ്രവർത്തനം സർക്കാർ സമയാസമയങ്ങളിൽ വിലയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly